(ഡി&ഇ) ഉണ്ട്. ദർഘാസ് നടപടികൾ പൂർത്തിയായതിനുശേഷം മാത്രമേ സ്വകാര്യ പങ്കാളിത്തത്തോടെ സ്ഥാപിക്കുന്ന പ്ലാന്റിൽനിന്നും ഉൽപാദിപ്പിക്കാൻ കഴിയുന്ന വൈദ്യുതിയുടെ അളവുകളെപ്പറ്റിയുള്ള വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ. പ്ലാന്റിൽ ഉപയോഗിക്കുന്ന സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിലാണ് ലഭ്യമാകുന്ന വൈദ്യുതിയുടെ അളവ് നിശ്ചയിക്കേണ്ടത്.

ആറ്റിങ്ങൽ നഗരസഭയിലെ ഗതാഗതക്കുരുക്ക്

153 (1590) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുടർച്ചയായി ഏറ്റവും നല്ല നഗരസഭയ്ക്കുള്ള പുരസ്കാരം ലഭിച്ചുവരുന്ന ആറ്റിങ്ങൽ നഗരസഭ ഇന്ന് അനുഭവിക്കുന്ന ഗുരുതരമായ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ചില സമാന്തര റോഡുകൾ നവീകരിക്കാൻ ഒരു പ്രോജക്ട് ബഹു. മന്ത്രിയ്ക്ക് സമർപ്പിച്ചിരുന്നു. ഈ പദ്ധതിക്ക് അനുമതി നൽകാൻ നഗരവികസന ഫണ്ടിൽനിന്നും ധനസഹായം അനുവദിക്കുമോ ;

(ബി) കെ.എസ്.യു.ഡി.പി.-യുടെ വക പദ്ധതിയിൽ ആറ്റിങ്ങൽ നഗരസഭയെ ഉൾപ്പെടുത്തിയിട്ടുണ്ടോ; നഗരസഭയുടെ മാർക്കറ്റ്, ചവർ സംസ്കരണ കേന്ദ്രം, മറ്റ് വികസന പദ്ധതികൾ എന്നിവയ്ക്ക് എന്തെങ്കിലും ഫണ്ട് അനുവദിക്കാൻ പദ്ധതിയുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) എ.ഡി.ബി-യുടെ ഉപ പദ്ധതിയായ കെ.എൽ.ജി.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 2013 മാർച്ച് മാസത്തിൽ നഗരസഭകളുടെ റോഡ് നവീകരണത്തിനുള്ള പ്രോജക്ടുകൾ എ.ഡി.ബി. മുൻപാകെ സമർപ്പിച്ചിരുന്നു. ഇതിൽ ആറ്റിങ്ങൽ നഗരസഭയുടെ പദ്ധതിയും ഉൾപ്പെട്ടിരുന്നു. മൂല്യനിർണ്ണയ വേളയിൽ ചൂണ്ടിക്കാണിച്ച ചില ന്യൂനതകൾ പരിഹരിക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് നഗരസഭ ലഭ്യമാക്കിയിട്ടില്ല. ഇതിനിടയിൽ കെ.എൽ.ജി.ഡി.എഫ്.-മായി ബന്ധപ്പെട്ട 15 മില്യൻ ഡോളർ എ.ഡി.ബി. റദ്ദാക്കിയ സാഹചര്യത്തിൽ ഈ പദ്ധതിക്കായി ധനസഹായം അനുവദിക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

(ബി) കെ.എസ്.യു.ഡി.പി. നോഡൽ ഏജൻസിയായ യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതിയിൻകീഴിൽ ആറ്റിങ്ങൽ നഗരസഭയെ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൻകീഴിൽ അംഗീകരിച്ച 306 കോടി രൂപ അടങ്കലുള്ള ഒരു ഖരമാലിന്യ

LIBRARY ARCHIVES Kerala Legislative Assembly

സംസ്കരണ പദ്ധതിയുടെ പ്രവർത്തനങ്ങൾ പ്രസ്തുത നഗരസഭയിൽ നടന്നുവരുന്നു. ആറ്റിങ്ങൽ നഗരസഭയുടെ മാർക്കറ്റ് നവീകരണത്തിന് 7.2 കോടി രൂപ അടങ്കലുള്ള ഒരു പദ്ധതിയും രണ്ടാംഘട്ട ഖരമാലിന്യ സംസ്കരണ പരിപാടികൾക്കായി 6.31 കോടി രൂപ അടങ്കലുള്ള മറ്റൊരു പദ്ധതിയും യു.ഐ.ഡി.എസ്.എസ്.എം.റ്റി. ട്രാൻസിഷൻ ഘട്ടത്തിൽ ഉൾപ്പെടുത്തി സമർപ്പിച്ചിരുന്നുവെങ്കിലും അവയ്ക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ഇതുവരെ ലഭ്യമായിട്ടില്ല.

പ്ലാസ്റ്റിക് ശേഖരണ ദിനാചരണം

154 (1592) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാന്ധി ജയന്തി ദിനമായ 2014 ഒക്ടോബർ 2 പ്ലാസ്റ്റിക് ശേഖരണ ദിനമായി ആചരിച്ചുകൊണ്ട് പരമാവധി പ്ലാസ്റ്റിക് ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറണമെന്ന സർക്കാർ നിർദ്ദേശം അനുസരിച്ചുള്ള നടപടികൾ ഏതു നഗരസഭകൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ ;

(ബി) ഇപ്രകാരം നടപടികൾ സ്വീകരിക്കാത്ത നഗരസഭകൾ ഏതൊക്കെ ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ ; പ്ലാസ്റ്റിക് ശേഖരിച്ച വകയിൽ നഗരസഭകൾക്ക് നൽകിയ തുകയുടെ വിശദാംശം നൽകുമോ ;

(സി) പ്രസ്തുത സംവിധാനം നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നഗരസഭകൾ - 38 എണ്ണം

കോർപ്പറേഷനുകൾ - 3 എണ്ണം

(ബി) കോർപ്പറേഷൻ - കൊച്ചി, തൃശ്ശൂർ

മുനിസിപ്പാലിറ്റികൾ - ചേർത്തല, തിരുവല്ല, വൈക്കം ആലുവ, കളമശ്ശേരി, കോതമംഗലം, പെരുമ്പാവൂർ, തൃക്കാക്കര, തൃപ്പൂണിത്തുറ, ഗുരുവായൂർ, ഇരിങ്ങാലക്കുട, നിലമ്പൂർ, കുന്നുപറമ്പ്.

പ്ലാസ്റ്റിക് ശേഖരിച്ച വകയിൽ നഗരസഭകൾക്ക് നൽകിയ തുകയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly